## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.108

05/03/2018 -ൽ മറുപടിക്ക്

### യു. ജി. സി. പുറപ്പെടുവിച്ച റെഗുലേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ഡോ. എം. കെ. മുനീർ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോളേജുകൾക്ക് സ്വയം ഭരണം നൽകുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി അടുത്ത കാലത്ത് പുറപ്പെടുവിച്ച റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;<br>(ബി) ഈ റെഗുലേഷൻ സർക്കാരിന്റെയും സർവ്വകലാശാലകളുടെയും നിയന്ത്രണാധികാരത്തെ പരിമിതപ്പെടുത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | യു. ജി. സി. 2018 ൽ പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെ മേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടില്ല. |
| (സി) ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (സി) | സ്വയം ഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റങ്ങളും പ്രവർത്തനവും വിലയിരുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് പുന: സംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ എക്സിക്യൂട്ടീവ് ബോഡി യോഗം ഡോ.ജോയി ജോബ് കുളവേലിൽ |

അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 'കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഉന്നത വിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്ത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ 20/02/2018 ൽ കൂടിയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ട്. സെമിനാറിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**